"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയുടെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനത്തിന്റെ കീഴിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് അനുവദിച്ച കേന്ദ്ര സഹായം 18,93,750/- രൂപ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.61/2024/LSGD തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27-12-2023 ലെ 12982/N/2021/KSHO നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയുടെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനത്തിന്റെ കീഴിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 2016-17, 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ കേന്ദ്ര സഹായത്തിന്റെ ആദ്യഗഡുവും 2017-18 വർഷത്തെ രണ്ടാം ഗഡുവും 2022-23 വർഷത്തെ ഒന്നും രണ്ടും ഗഡുവും ചേർത്ത് ആകെ 18,93,750/- രൂപ കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ട് എന്നും, ഈ പ്രവർത്തനത്തിന് സംസ്ഥാന വിഹിതം മാറ്റിവയ്ക്കേണ്ടതില്ല എന്നും, പ്രസ്തുത തുക കോർപ്പറേഷനുകൾക്കുള്ള ശീർഷകമായ 2217-05-191-48(16)-ൽ 2,12,128/- രൂപയും മുൻസിപ്പാലിറ്റിയ്ക്കുള്ള ശീർഷകത്തിൽ 2217-05-192-48 (15)-ൽ 16,81,622/- രൂപയും വകയിരുത്തി, ആകെ 18,93,750/- രൂപ (പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം അർബൻ ഹൗസിംഗ് മിഷന് അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയുടെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനത്തിന്റെ കീഴിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേന്ദ്ര വിഹിതം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകൾക്കുള്ള ശീർഷകമായ 2217-05-191-48(16)-ൽ 2,12,128/- രൂപയും മുൻസിപ്പാലിറ്റിയ്ക്കുള്ള ശീർഷകത്തിൽ 2217-05-192-48 (15)-ൽ 16,81,622/- രൂപയും വകയിരുത്തി, ആകെ 18,93,750/- രൂപ (പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം അർബൻ ഹൗസിംഗ് മിഷന്റെ ICICI ബാങ്ക് A/c No. 033601001669 IFSC: ICIC0000336 പഴയറോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ അനുവദിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ്( എ&ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ,ഐ.&പി.ആർ.ഡി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 08-01-2024 16:50:47
സെക്ഷൻ ഓഫീസർ